കേരള സർക്കാർ

പൊതു വിദ്യാഭ്യാസ വകുപ്പ്

# അക്കാദമിക മാസ്റ്റർപ്ലാൻ

2025 - '26

ഗവ: ന്യൂ LPS അരുമാനൂർത്തുറ

നെയ്യാറ്റിൻകര സബ്ജില്ല

# ആമുഖം

കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകനും ലക്ഷ്യമിടുന്നത്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. എഴുത്ത്, വായന തുടങ്ങിയ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, സംയുക്ത ഡയറി, സർഗാത്മക ഡയറി, രചനാക്കുറിപ്പ് എന്നിങ്ങനെ വിവിധ മേഖലകളിൽ കുട്ടികളുടെ മെച്ചപ്പെട്ട ഇടപെടലുകൾ ആർജ്ജിക്കണം. അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ എല്ലാ വിഷയങ്ങളിലെയും വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വായത്തമാക്കണമെന്നത് മുൻകൂട്ടി ഓരോമാസവും വിവിധ പ്രവർത്തന ഘട്ടങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപകനും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ, മറ്റ് സഹായികൾ എന്നിവർ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യത ഉള്ളതുമായ വിവിധ പദ്ധതികളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# മലയാളം

**ലക്ഷ്യം** : വായന പരിപോഷണം.

മലയാളം തെറ്റുകൂടാതെയും ആശയ വ്യക്തതയോടെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കുക.

**പ്രവർത്തനങ്ങൾ** :

- ക്ലാസ്സ് ലൈബ്രറി വികസനവും ആകർഷകമാക്കലും
- ലളിതമായ വായനകാർഡുകൾ നിർമ്മിക്കുക, വായിക്കുക.
- ക്ലാസ്സ് വായനകൂട്ടം, റീഡേഴ്സ് തിയേറ്റർ എന്നിവ പ്രയോജനപ്പെടുത്തി കുട്ടികൾക്കുള്ള വായന അവസരങ്ങൾ ഒരുക്കുക.
- ബാലസഭകളിൽ പുസ്തക വായനക്കുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- ആനുകാലിക വായന
- വായനകളരികൾ സംഘടിപ്പിക്കൽ

**കാലയളവ്** : വർഷം മുഴുവൻ

**ചുമതല** : ക്ലാസ്സ് ടീച്ചർ, CPTA

**സാമ്പത്തികം** : PTA

**ലക്ഷ്യം** : ലേഖനശേഷി പരിപോഷണം

മലയാളം തെറ്റുകൂടാതെയും ആശയ വ്യക്തതയോടെയും എഴുതുക. വിവിധ ഭാഷാ വ്യവഹാരങ്ങളിൽ രചനകൾ നടത്തുക.

**പ്രവർത്തനങ്ങൾ** :

- വായനകുറിപ്പുകൾ തയ്യാറാക്കി സ്കൂൾ അസംബ്ലിയിലും

ബാലസഭകളിലും അവതരിപ്പിക്കൽ.

- ഓരോ കുട്ടിയും പതിപ്പുകൾ, കൈയെഴുത്ത് മാസികകൾ, മാഗസിനുകൾ എന്നിവ തയ്യാറാക്കൽ.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ, പോസ്റ്റർ, ലേഖനം, വിവരണങ്ങൾ, സന്ദേശങ്ങൾ തുടങ്ങി വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തി ബാലസഭകളിലും അസംബ്ലിയിലും അവതരിപ്പിക്കൽ.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായി ലഘുശില്പശാലകൾ സംഘടിപ്പിക്കുക.
- രക്ഷിതാവിന്റെയും അധ്യാപകന്റെയും സഹായത്തോടെ സംയുക്ത ഡയറി എഴുതൽ, സർഗാത്മക ഡയറി എഴുതൽ.
- എന്റെ വായനക്കുറിപ്പുകൾ എന്ന പേരിൽ വായനക്കുറിപ്പുകൾ എഴുതുകയും അവതരിപ്പിക്കുകയും ചെയ്യൽ.

**കാലയളവ്** : വർഷം മുഴുവൻ

**ചുമതല** : HM, ക്ലാസ് ടീച്ചർ, PTA

**സാമ്പത്തികം** : PTA

**ലക്ഷ്യം** : സാഹിത്യകാരന്മാരെ അടുത്തറിയൽ

**പ്രവർത്തനങ്ങൾ**

- സാഹിത്യകാരന്മാരുടെ ഓർമ്മദിനങ്ങൾ ആചരിക്കൽ
- സാഹിത്യകാരന്മാരുടെ ജന്മ, ചരമ ദിനാചരണങ്ങളോടനുബന്ധിച്ച് പോസ്റ്റർ രചന, ക്വിസ് മത്സരങ്ങൾ നടത്തൽ.

- ഡോക്യുമെന്ററി, പ്രദർശനങ്ങൾ സംഘടിപ്പിക്കൽ.
- സാഹിത്യകാരന്മാരുടെ ജീവിതരേഖ തയ്യാറാക്കൽ
- പതിപ്പ് നിർമ്മാണം.
- പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന സാഹിത്യകാരന്മാരെക്കുറിച്ച് വിവരശേഖരണം നടത്തി കുട്ടികൾക്ക് ബാലസഭകളിൽ അവതരിപ്പിക്കാൻ അവസരം.

**കാലയളവ്** : വർഷം മുഴുവൻ

**ചുമതല** : PTA, ക്ലാസ്സ് ടീച്ചർ.

**സാമ്പത്തികം** : PTA

**ലക്ഷ്യം** : കുട്ടികളിലെ സർഗാത്മക ശേഷി വികസനം

**പ്രവർത്തനങ്ങൾ**

- ബാലസഭകളിൽ കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ
- പാഠഭാഗങ്ങളിൽ നിന്നും നാടകം, കവിതാലാപനം, സ്കിറ്റ്, സംഭാഷണം, കോറിയോഗ്രഫി തുടങ്ങിയവക്ക് അവസരം കണ്ടെത്തി അവതരിപ്പിക്കൽ, നവമാധ്യമങ്ങളിൽ പങ്കിടൽ.
- പാട്ടരങ്ങ്, കഥയരങ്ങ് എന്നിവയിൽ കുട്ടികൾക്ക് യഥേഷ്ടം പങ്കെടുക്കുവാനുള്ള അവസരമൊരുക്കൽ.
- രചനാമത്സരങ്ങൾ സംഘടിപ്പിക്കൽ.

**കാലയളവ്** : വർഷം മുഴുവൻ

**ചുമതല** : ക്ലാസ്സ് ടീച്ചർ, HM

**സാമ്പത്തികം** : PTA

# English.

The goal for the first grader is to handle English freely. The first grader must go from small words to big words. They must be able to read, write and speak English. Every children should be able to speak English freely like Malayalam. We have to keep the language English close to our heart. Our school academic master plan is designed to ensure that not a single child goes illeterate.

## Objectives of learning outcomes

- Respond to simple instructions in the class room
- Describe orally about the picture and objects
- Familarise with simple words.
- Enjoy songs and sings them with rhythm and action.
- Familarise the names of birds.
- To speak, read and write English without any mistake.
- Create more opportunities for English speaking and listening in the class room.

English Theatre : Nurturing creativity.
Presenting English text passages in different discourse forms like skit, drama, conversation and story telling.

## June

- Introduce simple words.
- Provides picture cards.
- Pre-test.
- To develop listening skills and reading skills.
- Enhance students writing abilities.
- Encourage students to express themselves through writing on various themes and celebrations like festivals, important days etc
- Descriptions, growing sentences, picture reading picture descriptions, self introduction etc.
- Assembly activities.

## July

- Identify familiar words.
- Say, read and write familiar words.
- Library books reading.
- Make word web
- Make riddles, conversation
- Add more lines, develop story, diary writing

## August

- Enjoy songs and sings them with rhythm and actions.
- Describe orally about pictures and objects using adjectives.

## September to March.

- Read and write simple words and simple sentences, provides picture cards and reading cards.
- Introduce simple picture description.
- Make word chain, sentence chain, riddles
- Prepare reading cards.
- Provide more opportunities to read, write and speak.
- Read and understand simple instructions in the class room.
- Encourage digital reading
- Make picture albums
- Collect pictures of animals and its youngones.
- English assembly once in a week.
- Reading competition and writing competition.

# ഗണിതം

**ലക്ഷ്യം :** കുട്ടികളിൽ സംഖ്യാബോധം ഉണ്ടാക്കുക.

**പ്രവർത്തനങ്ങൾ :**

- കളിനോട്ടുകൾ, നാണയം എന്നിവ ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കുക.
- സംഖ്യാ പാറ്റേണുകളുടെ സാധ്യത പ്രയോജനപ്പെടുത്തുക.
- സംഖ്യാഗാനങ്ങൾ എഴുതുകയും ബാലസഭകളിലും അസംബ്ലിയിലും അവതരിപ്പിക്കുകയും ചെയ്യുക.
- സംഖ്യകളിൽ വലുത്, ചെറുത് എന്നിവ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ, കളികൾ.
- ഓരോ സംഖ്യയെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

**കാലയളവ് :** ജൂൺ - ആഗസ്ത്

**ചുമതല :** ക്ലാസ് ടീച്ചർ

**സാമ്പത്തികം :** PTA

**ലക്ഷ്യം :** ഗണിതപഠനം രസകരമാക്കൽ.

**പ്രവർത്തനങ്ങൾ**

- ഗണിത കളികൾ ആസൂത്രണം ചെയ്യൽ, നടപ്പിലാക്കൽ.
- ഗണിതപഠനോപകരണ നിർമ്മാണവുമായി ബന്ധപ്പെട്ട് ശില്പശാലകൾ സംഘടിപ്പിക്കൽ.

- ഗണിത മൂലകൾ സജ്ജീകരിക്കൽ
- ഓരോ കുട്ടിക്കും ഗണിത കിറ്റുകൾ തയ്യാറാക്കൽ
- ഗണിത ചുമർ തയ്യാറാക്കൽ
- ഗണിത മേളകൾ സംഘടിപ്പിച്ച് രസകരമായി ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അവസരം ഒരുക്കൽ.

കാലയളവ് : ജൂൺ - ആഗസ്റ്റ്

ചുമതല : ക്ലാസ്സ് ടീച്ചർ, HM.

സാമ്പത്തികം : PTA

**ലക്ഷ്യം** : കുട്ടികളിൽ ജ്യാമിതീയ രൂപങ്ങളെ കുറിച്ചുള്ള ധാരണ വളർത്തൽ.

**പ്രവർത്തനങ്ങൾ** :

- തീപ്പെട്ടിക്കൊള്ളി, കമ്പുകൾ, വള, ഈർക്കിൽ എന്നിവ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ.
- ജ്യാമിതീയ രൂപങ്ങളുടെ മാതൃകകൾ, ഒറിഗാമി രൂപങ്ങൾ ഉണ്ടാക്കൽ.

**കാലയളവ്** : ജൂൺ - ആഗസ്റ്റ്

**ചുമതല** : ക്ലാസ്സ് ടീച്ചർ

**സാമ്പത്തികം** : PTA.

**ലക്ഷ്യം** : കുട്ടികളിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ.

**പ്രവർത്തനങ്ങൾ** :

- വിവിധതരം ഗണിത കളികൾ ആസൂത്രണം ചെയ്ത് അവ നടപ്പിലാക്കൽ
- ഗണിത ലാബ് പ്രയോജനപ്പെടുത്തൽ.
- ക്ലാസിലൊരു കട എന്ന ആശയം പ്രയോജനപ്പെടുത്തി

സങ്കലന-വ്യവകലന ക്രിയകൾ കുട്ടികളിൽ ഉറപ്പിക്കുക.

- കള്ളിനോട്ടുകൾ, നാണയങ്ങൾ എന്നിവയുടെ സാധ്യത ഉറപ്പാക്കി ചതുഷ്ക്രിയകൾ എളുപ്പമാക്കൽ.
- ഉല്ലാസഗണിതം പ്രയോജനപ്പെടുത്തൽ
- നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ ചതുഷ്ക്രിയകൾ മനസ്സിലാക്കുന്നതിനുള്ള അവസരമൊരുക്കൽ.
- കുട്ടികളുടെ ഗണിതകിറ്റിന്റെ സാധ്യത പ്രയോജനപ്പെടുത്തി ചതുഷ്ക്രിയകൾ എളുപ്പമാക്കൽ.

**കാലയളവ്**: വർഷം മുഴുവൻ

**ചുമതല** : ക്ലാസ് ടീച്ചർ, AM, PTA

**സാമ്പത്തികം** : PTA

# പരിസര പഠനം

**ലക്ഷ്യം** : കുട്ടികളെ നാം ജീവിക്കുന്ന ചുറ്റുപാടിനെക്കുറിച്ച് ബോധവാന്മാരാക്കുക.

**പ്രവർത്തനം** :

- പ്രകൃതി നടത്തം
- ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം, പരിപാലനം
- സസ്യങ്ങളെ സവിശേഷതകൾ തിരിച്ചറിഞ്ഞ് തരംതിരിക്കൽ.

**കാലയളവ്** : ജൂൺ - ജൂലൈ

**ലക്ഷ്യം** : പ്രകൃതി സംരക്ഷണം.

**പ്രവർത്തനങ്ങൾ** :

- പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് ഹരിതകർമ്മ സേനക്ക് നൽകൽ
- പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട പോസ്റ്റർ, പ്ലക്കാർഡ് തുടങ്ങിയവ തയ്യാറാക്കൽ.

**ലക്ഷ്യം** : ശുചിത്വ ശീലങ്ങൾ കുട്ടികളിൽ ഉറപ്പുവരുത്തുക.

**പ്രവർത്തനങ്ങൾ** :

- ശുചിത്വ ശീലങ്ങൾ പരിശീലിപ്പിക്കൽ
- ജൈവ മാലിന്യം അജൈവ മാലിന്യം ഇവ വേർതിരിച്ച് ബക്കറ്റിൽ നിക്ഷേപിക്കൽ (പച്ച ബക്കറ്റ്, ചുവന്ന ബക്കറ്റ്)
- കൈ കഴുകുന്ന സ്ഥലത്തും ആഹാരം കഴിക്കുന്ന സ്ഥലത്തും ശുചിത്വ ശീലങ്ങൾ എഴുതി പതിപ്പിക്കൽ

**കാലയളവ്** : ഓഗസ്റ്റ് - ഒക്ടോബർ

**ലക്ഷ്യം** : ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ, ശാസ്ത്രമൂല ഒരുക്കൽ.

**പ്രവർത്തനങ്ങൾ** :

- ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ.
- പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ.
- ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.
- കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുന്നതിനായി ക്വിസ് മത്സരങ്ങൾ നടത്തുക.
- പ്രധാന ശാസ്ത്രദിനങ്ങൾ ആചരിക്കുക.
- ഡോക്യുമെന്ററി പ്രദർശനം, പതിപ്പ്, പോസ്റ്റർ നിർമ്മാണം.
- ശാസ്ത്ര കൗതുക വാർത്തകൾ ശേഖരിച്ച് അസംബ്ലിയിൽ അവതരിപ്പിക്കൽ.

**കാലയളവ്** : വർഷം മുഴുവൻ.

**ചുമതല** : ക്ലാസ് ടീച്ചർ, HM

**സാമ്പത്തികം** : PTA.